

# പടേറ്റിയിലെ ജൈവകൃഷി

**ജൈവവൈവിധ്യം** സംരക്ഷിക്കുന്നതിനും ജൈവകൃഷി പ്രചരിപ്പിക്കുന്നതിനും പാലക്കാട് ജില്ലയിലെ എരിമയൂർ ഗ്രാമപഞ്ചായത്തിലെ പാടേറ്റി ഗ്രാമത്തിൽ കേരള സംസ്ഥാന ജൈവവൈവിധ്യബോർഡാണ് ഈ പദ്ധതിക്ക് തുടക്കമിട്ടത്. എരിമയൂർ പഞ്ചായത്തിന്റെയും കൃഷിഭവന്റെയും സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. ഇതിന്റെ സംഘാടനവും സാങ്കേതിക സഹായവും തിരുവനന്തപുരത്തെ തണൽ എന്ന പരിസ്ഥിതി സംഘടനയാണ് നിർവഹിക്കുന്നത്.

മലമ്പ്രദേശങ്ങളാൽ ചുറ്റപ്പെട്ട 400 ഏക്കർ വിസ്തൃതി വരുന്ന ഈ പ്രദേശത്ത് 100 ഏക്കർ നെൽകൃഷിയും 200 ഏക്കർ പുരയിടവും പറമ്പും 100 ഏക്കർ സ്ഥലം വനഭൂമിയുമാണ്. ആകെ 69 കുടുംബങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുന്നത്. ഇതിന്റെ ഭാഗമായി 100 ഏക്കർ വരുന്ന നെൽക്കൃഷി പൂർണ്ണമായും ജൈവരീതിയിൽ ആക്കിമാറ്റാനുള്ള മാർഗ്ഗങ്ങൾ കുറഞ്ഞ സ്ഥലത്ത് കൂടുതൽ പച്ചക്കറി ഉല്പാദനം നടത്താൻ സാധിക്കുന്ന കൃഷിരീതികൾ, ജൈവവളങ്ങൾ, ജൈവകീടനിയന്ത്രണ മാർഗ്ഗങ്ങൾ, ജലസംരക്ഷണ, ഇടവിളകൃഷി, പാരമ്പര്യവിത്തു സംരക്ഷണ എന്നിവയിൽ കർഷകർക്ക് പരിശീലനം നൽകിവരുന്നു. ഇത്തരം കാര്യങ്ങളിൽ കർഷകരെ വിദഗ്ധരാക്കാൻ കൃഷിവയൽ പോലുള്ള വിദ്യാലയം പോലുള്ള പഠനരീതികൾ അവലംബിക്കുന്നു. കൂടാതെ, കിഴങ്ങുർഗ്ഗങ്ങൾ, പഴവർഗ്ഗതൈകൾ, ഔഷധസസ്യങ്ങൾ എന്നിവയെയും ഉൾപ്പെട്ടിരിക്കണം. ഇതുകൂടാതെ മത്സ്യകൃഷി, മണ്ണിരകമ്പോസ്റ്റ്, കൂൺകൃഷി, എന്നിവയിലും കർഷകർക്ക് പരിശീലനം നൽകിവരുന്നു. അതോടൊപ്പം കുട്ടികളിൽ പാരിസ്ഥിതക അവബോധവും കൃഷിയിൽ താൽപര്യവും വർദ്ധിപ്പിക്കുന്നതിനു വേണ്ടി പരിസ്ഥിതി ക്ളാസുകൾ, പഠനയാത്രകൾ, പക്ഷിനിരീക്ഷണം, സിനിമാ പ്രദർശനങ്ങൾ, മഴമാപിനി നിർമ്മാണ പരിശീലനം, വായനശാല തുടങ്ങിയവയും സംഘടിപ്പിച്ചു വരുന്നു. ജൈവവൈവിധ്യത്തിൽ ഈ പ്രദേശത്തു വരുന്ന മാറ്റങ്ങൾ മനസിലാക്കുന്നതിനായി വിവിധ ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങളുമായി ചേർന്ന്(sacon, cusat) പഠനം നടത്തുന്നുണ്ട്. മണ്ണ്, ജലം, നെല്ല്, പാൽ, തുടങ്ങിയവയിലെ കീടനാശിനികളുടെ അവശിഷ്ടങ്ങളെക്കുറിച്ച് പഠനവും നടത്തുന്നുണ്ട്. ബന്ധങ്ങൾക്ക്,



**ജൈവവൈവിധ്യ പുനരുദ്ധാരണ പദ്ധതി, പടേറ്റി, എരിമയൂർ പി,ഒ, പാലക്കാട്**

**തണൽ എച്ച്-3, ജവഹർ നഗർ, കവടിയാർ, തിരുവനന്തപുരം-3, ഫോൺ- 0471- 2727150.**